ഏറ്റെടുത്തതും വൈദ്യുതി ബോർഡിന് സബ്സിഡി നൽകിയതും പൊതുകടം വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടം എടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്. ഇത് കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളിൽ ഉൾപ്പെടുന്നു. മറ്റ് ഏജൻസികളിൽ നിന്നും എടുത്ത വായ്പകളിൽ ഇപ്പോഴുള്ള ബാലൻസ് താഴെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

	ഏജൻസി	ബാലൻസ്
1.	കേന്ദ്ര സർക്കാർ	5475.44
2.	വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നുമുള്ള ആഭ്യന്തര കടം	24712.18
3.	സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ	14162.26

(ഇ) വായ്പകൾ വിവിധ ഏജൻസികളിൽ നിന്നും വിവിധ വർഷങ്ങളിൽ എടുത്തിട്ടുള്ളതും, പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പുമാണ്. ഇവയുടെ തിരിച്ചടവ് വ്യവസ്ഥകൾ പ്രകാരം കൃത്യമായി വായ്പാ തിരിച്ചടവ് നടത്തിവരുന്നു. അതിനുള്ള തുകകൾ അതാതു വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

(എഫ്) ഓരോ വായ്പയുടെയും നിബന്ധന അനുസരിച്ചുള്ള പലിശ കൃത്യമായി അടച്ചുവരുന്നു

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

11 [468] ശ്രീ. സി. ടി. അഹമ്മദ് അലി :

,, സി. മോയിൻകുട്ടി :

,, കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക് കുരിക്കൾ :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നടപ്പുവർഷത്തിൽ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സാമ്പത്തിക ഭദ്രത കൈവരുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ഭദ്രത കൈവരിക്കുന്ന നടപടികളുടെ ഭാഗമായി ധന സംബന്ധമായ ഉത്തരവാദിത്ത നിയമവും ഗാരന്റികൾ നിയന്ത്രിക്കുന്ന നിയമവും നടപ്പിലാക്കിയതു കൂടാതെ ഉയർന്ന പലിശ യ്ക്കുള്ള കടങ്ങൾ കുറഞ്ഞ പലിശയ്ക്ക് കടമെടുത്ത് വീട്ടുകയും 2004 മാർച്ച് വരെയുള്ള കേന്ദ്ര ഗവൺമെന്റ് വായ്പകൾ 7.5% പലിശയുടെ പുതിയ വായ്പകളായി മാറ്റുകയും ചെയ്തു. കൂടാതെ കർശനമായ സാമ്പത്തിക അച്ചടക്കത്തിലൂടെ ചെലവ് നിയന്ത്രിക്കുകയും. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി വാറ്റ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2001-02 മുതൽ 2005-06 വരെയുള്ള റവന്യു വരവ് ചെലവ് കണക്കുകൾ

12 [469] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതൽ 2005-06 വരെയുള്ള സാമ്പത്തിക വർഷത്തിലെ റവന്യു വരവ്, ചെലവ് റവന്യു കമ്മി/മിച്ചം എന്നിവ സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(ബി) 2000-01 സാമ്പത്തിക വർഷത്തേയും 2005-06 സാമ്പത്തിക വർഷത്തേയും സംസ്ഥാനത്തിന്റെ പൊതുകടം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-02 മുതൽ 2005-06 വരെയുള്ള സാമ്പത്തിക വർഷത്തിലെ റവന്യു വരവ്, ചെലവ് റവന്യു കമ്മി എന്നിവ സംബന്ധിച്ച കണക്ക് താഴെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	റവന്യു വരവ്	റവന്യു ചെലവ്	റവന്യു കമ്മി
2001-02	9056.39	11662.03	2605.64
2002-03	10633.89	14756.05	4122.16
2003-04	11815.37	15495.67	3680.30
2004-05	13500.49	17169.41	3668.92
2005-06	16623.97	20696.25	4072.28

(ബഡ്ജറ്റ് എസ്റ്റിമേറ്റ്)

(ബി) 2001-ൽ സംസ്ഥാനത്തിന്റെ പൊതുകടം 23919 കോടി രൂപയായിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ഇത് ഉൾപ്പെടെ 31-12-2005 വരെ സംസ്ഥാന്ത്തിന്റെ പൊതുകടം 44350 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly